നം: ഇ.എക്സ്.എ6/32886/2013/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം-695 012
തീയതി : 25/04/2013

## സർക്കുലർ

വിഷയം:-2013 മാർച്ചിലെ റ്റി.എച്ച്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്

സൂചന:-21/11/2012-ാം തിയതിയിലെ ഇ.എക്സ്/സി.ജനറൽ(3)27547/12/സി.ജി.ഇ നമ്പർ വിജ്ഞാപനം.

2013 മാർച്ച് റ്റി.എച്ച്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവക്കുള്ള രജിസ്ട്രേഷൻ 26/4/2013 മുതൽ 30/4/2013 ഉച്ചയക്ക് ഒരു മണി വരെ നടത്താവുന്നതാണ്. പരീക്ഷാർത്ഥികൾ രജിസ്ട്രേഷൻ നടത്തിയതിന്റെ അപേക്ഷയും അപേക്ഷാഫീസും ബന്ധപ്പെട്ട സ്കൂൾ സൂപ്രണ്ട്/ പ്രിൻസിപ്പാളിനെ ഏപ്രിൽ 30 വൈകുന്നേരം നാലുമണിക്ക് മുമ്പ് ഏല്പിക്കേണ്ടതാണ്. ഉത്തരക്കടലാസുകളുടെ പുന:മൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400/- രൂപ, ഫോട്ടോകോപ്പിക്ക് 200/- രൂപ, സ്ക്രൂട്ടിണിക്ക് 50/- രൂപ എന്ന നിരക്കിലാണ് ഫീസ് അടക്കേണ്ടത്. പുന:മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ സ്ക്രൂട്ടിണിക്കായി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. **ഐ.ടി. വിഷയത്തിന് പുനഃമൂല്യനിർണ്ണയം, ഫോട്ടോ കോപ്പി, സ്ക്രൂട്ടിണി എന്നിവ ഉണ്ടായിരിക്കുന്നതല്ല.** സൂപ്രണ്ട്/പ്രിൻസിപ്പൽമാർ, ലഭിച്ചിട്ടുള്ള അപേക്ഷകൾ വെരിഫൈ ചെയ്യേണ്ടതും ഫീസ് പണമായി സ്വീകരിച്ച് അപേക്ഷകർക്ക് രസീത് നൽകേണ്ടതുമാണ്. ഏപ്രിൽ 30-ന് ശേഷം ലഭിക്കുന്നതും അപൂർണ്ണമായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷ കൾ യാതൊരു കാരണവശാലും സൂപ്രണ്ട്/പ്രിൻസിപ്പൽമാർ സ്വീകരിക്കുവാൻ പാടുള്ളതല്ല.

പുന:മൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ച പേപ്പറിന് അടച്ച ഫീസ് തിരികെ നൽകുന്നതാണ്. ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി ലഭ്യമായവർക്ക് മൂല്യനിർണ്ണയം ചെയ്യാത്ത ഉത്തരങ്ങൾ, സ്കോറുകൾ കൂട്ടിയതിലുള്ള പിശകുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിക്കുന്നതിന് പരീക്ഷാഭവൻ സെക്രട്ടറിക്ക് അപേക്ഷ നൽകാവുന്നതാണ്. ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി ലഭിച്ചതിനുശേഷം ആദ്യ മൂല്യനിർണ്ണയത്തിൽ പോരായ്മകൾ ഉണ്ടെന്നു ചൂണ്ടിക്കാട്ടി പുന:മുല്യനിർണ്ണയം നടത്തണമെന്ന് ആവശ്യപ്പെട്ടു സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

### സൂപ്രണ്ട്/പ്രിൻസിപ്പൽമാരുടെ ചുമതലകൾ

അപേക്ഷകർ സമർപ്പിക്കുന്ന അപേക്ഷയിലെ വിവരങ്ങൾ സൂപ്രണ്ട്/പ്രിൻസിപ്പൽമാർ സൂക്ഷ്മപരിശോധന ചെയ്യേണ്ടതാണ്. സ്കൂളിൽ ലഭിച്ച അപേക്ഷകളുടെ കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് **(റീവാല്യുവേഷൻ, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി)** എടുത്ത് സൂപ്രണ്ട്/

പ്രിൻസിപ്പൽമാർ ഒപ്പിട്ട് മേയ് 6-നു പരീക്ഷാഭവനിൽ ലഭിക്കത്തക്ക വിധത്തിൽ സ്പീഡ് പോസ്റ്റായി സൂപ്രണ്ട്, എ-സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-695 012 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

അപേക്ഷകരിൽ നിന്നും പുന:മൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കായി സ്വീകരിക്കുന്ന ഫീസ് രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ ഓരോ സ്കൂളിലും സൂക്ഷിക്കേണ്ടതും ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്. പുന:മൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് പുതിയ സർട്ടിഫിക്കറ്റിനൊടൊപ്പം അപേക്ഷാർത്ഥിക്ക് നൽകേണ്ടതാണ്.

28/9/2012-ാം തിയതിയിലെ സർക്കാർ ഉത്തരവ് നം.4611/2012/പൊ.വി.വ. പ്രകാരം ഉത്തരക്കടലാസു കളുടെ പുനർമൂല്യനിർണ്ണയത്തിന് ലഭിച്ച തുകയിൽ ഗ്രേഡിന് മാറ്റം വന്ന കേസുകൾക്കുള്ള തുക തിരിച്ചു നൽകിയതിനുശേഷം ബാക്കി തുകയും ഉത്തരക്കടലാസുകളുടെ ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ ലഭിക്കുന്ന തുകയും അതതു സൂപ്രണ്ട്/ പ്രിൻസിപ്പൽമാർ തന്നെ 0202-01-102-99-Other receipts എന്ന കണക്കു ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. ആയതിന്റെ ഫോട്ടോകോപ്പി (സ്വയം സാക്ഷ്യപ്പെടുത്തിയത്) ഈ സർക്കുലറിനൊപ്പമുള്ള അബ്സ്ട്രാക്റ്റ് സഹിതം 31/5/2013-നകം രജിസ്റ്റേർഡ് പോസ്റ്റായി പരീക്ഷാഭവൻ എ-സെക്ഷൻ സൂപ്രണ്ടിന്റെ പേർക്ക് അയച്ചുതരേണ്ടതാണ്. പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി ഇനങ്ങളിലായി ശേഖരിക്കുന്ന ഫീസ് യാതൊരു കാരണവശാലും 31/05/2013-നു ശേഷം കൈവശം സൂക്ഷിക്കുവാൻ പാടുള്ളതല്ല. 31/05/2013-നകം തുക അടക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും 18% പലിശ സഹിതം തുക ഈടാക്കുന്നതും ബന്ധപ്പെട്ട സൂപ്രണ്ട്/പ്രിൻസിപ്പൽമാരുടെ പേരിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

തങ്ങളുടെ സ്കൂളിൽ നിന്നും പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് അപേക്ഷകർ ഇല്ലായിരുന്നുവെങ്കിൽ അക്കാര്യം വ്യക്തമാക്കി ഒരു ശൂന്യറിപ്പോർട്ടും അയക്കേണ്ടതാണ്.

സെക്രട്ടറി

**എല്ലാസാങ്കേതിക വിദ്യാഭ്യാസ സ്കൂൾ മേലധികാരികളുടെ അറിവിലേക്ക്.**
**(സാങ്കേതിക വകുപ്പ് ഡയറക്ടർ മുഖാന്തിരം)**

**THSLC EXAMINATION MARCH 2013 – DETAILS OF REVALUATION, PHOTOCOPY AND SCRUTINY OF ANSWER SCRIPTS**

**ABSTRACT**

**Name of School :**
**School Code :**

**Educational District:**

| | |
|---|---|
| Number of applications received for Revaluation | |
| Number of applications received for Photocopy | |
| Number of applications received for Scrutiny | |
| Amount of fee collected for Revaluation (   x 400) | |
| Amount of fee collected for Photocopy (  x200) | |
| Amount of fee collected for Scrutiny (  x50) | |
| **Total fee collected in the Centre** | |
| Fee refunded to applicant who secured higher grade in revaluation (   x400)<br>*** Fee to be refunded to candidate only after the receipt of revised certificate** | |
| Balance Amount Rs. | |
| Chalan Number, Date and Name of Treasury | |

**Name and Signature of**
**Head of Institution**

(Office seal)

**THSLC EXAMINATION MARCH 2013**
**CONSOLIDATED STATEMENT REGARDING THE APPLICATION FOR REVALUATION, PHOTOCOPY AND SCRUTINY**

Centre No.:-

Name of School:-

| Sl. No | Register No. | Name of Pupil | Items for which applied (Tick appropriate items) | | |
|---|---|---|---|---|---|
| | | | Revaluation | Photocopy | Scrutiny |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

**Signature of Superintendent**

Place:
Date :

**Note:-To be forwarded to Pareekshabhavan so as to reach on or before 6/5/2013**